

കേരള ഹയർസെക്കൻഡറി ടീച്ചേഴ്സ് യൂണിയൻ സംഘടിപ്പിച്ച അധ്യാപകസംഗമത്തിലെ സെമിനാർ മന്ത്രി പി.കെ അബ്ദുറബ്ബ് ഉദ്ഘാടനം ചെയ്യുന്നു

# സ്കൂൾ ക്ലാസ്സുകളെ സംയോജിപ്പിക്കുമെന്ന് മന്ത്രി

**കോഴിക്കോട്:** ഒന്നു മുതൽ പ്ലസ്ടു വരെയുള്ള സ്കൂൾ ക്ലാസുകളെ സംയോജിപ്പിക്കാൻ വിദ്യാഭ്യാസമേഖലയിൽ പദ്ധതി ആവിഷ്കരിക്കുമെന്ന് വിദ്യാഭ്യാസമന്ത്രി പി.കെ. അബ്ദുറബ്ബ് പറഞ്ഞു.

കെ.എച്ച്.എസ്.ടി.യു. സംഗമത്തിന്റെ ഭാഗമായി നടന്ന സെമിനാറും ലൈബ്രറി ശാക്തീകരണ പദ്ധതി പ്രഖ്യാപനവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്തെ 100 സർക്കാർ സ്കൂളുകൾക്ക് മാതൃഭൂമി ബുക്സുമായി ചേർന്ന് പുസ്തകം നൽകുന്ന പദ്ധതിയാണ് ലൈബ്രറി ശാക്തീകരണം.

പ്രിൻസിപ്പൽമാരായ രാമചന്ദ്രൻ, അജിത്കുമാർ എന്നിവർ മന്ത്രിയിൽ നിന്ന് പുസ്തകം ഏറ്റുവാങ്ങി.

കെ.എച്ച്.എസ്.ടി.യു. പ്രസിഡൻറ് കെ.ടി. അബ്ദുൾ ലത്തീഫ് അധ്യക്ഷനായി.

ടി.വി. ഇബ്രാഹിം, സി.പി. ചെറിയമുഹമ്മദ്, എം.എം. ഷാഫി, പി.എം. കൃഷ്ണൻ നമ്പൂതിരി, കെ.എസ്. പ്രേംജിത്ത് യു. സാബു, സജി ജോസഫ് വി.കെ. അബ്ദുറഹ്മാൻ, കെ. കെ. ആലിക്കുട്ടി, നിസാർ ചേലേരി, മുഹമ്മദലി വിളക്കോട്ടൂർ, പി.സുനിത, പി.പി. സാജിത, മുഹമ്മദ് ജാസിം, വി.പി അബ്ദുൽലത്തീഫ്, ജനറൽ സെക്രട്ടറി ഒ. ഷൗക്കത്തലി, ഖജാൻജി എസ്. സന്തോഷ്കുമാർ എന്നിവർ സംസാരിച്ചു.